A

# സമഗ്ര ശിക്ഷാ, കേരളം
# വാർഷിക മൂല്യനിർണ്ണയം 2023–24

902

ക്ലാസ് : 9

## മലയാളം
## കേരളപാഠാവലി

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

1. "പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചുളയാവുന്നേ!"
മതിലേരിക്കന്നിയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?
   - പിതാവിനോടുള്ള അമർഷം.
   - ഭർത്താവിനോടുള്ള വിദ്വേഷം.
   - യുദ്ധത്തിൽ പങ്കെടുക്കാത്തതിലുള്ള നിരാശ.
   - ഭർത്താവിനെ തെറ്റിദ്ധരിച്ചതിലുള്ള കുറ്റബോധം.

2. "അവർ അയാളെത്തന്നെ നോക്കിനിന്നു; <u>തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം.</u>"
(സാക്ഷി)
അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ച ആശയം ഏത്?
   - ചങ്ങലയ്ക്കിട്ടതിന്റെ പകയും വിദ്വേഷവും.
   - പ്രതികരിക്കാൻ കഴിയാത്തതിലുള്ള അമർഷം.
   - സഹായം ലഭിക്കുമെന്ന വിശ്വാസം.
   - ആപത്തിൽനിന്ന് രക്ഷപ്പെട്ടതിന്റെ ആശ്വാസം.

3. "നിലം വിറ്റ് നിന്റെ ഓഹരീംകൊണ്ട് നീ നിൻെറ പാട്ടിനുപോവും."
പാട്ടിനുപോവുക എന്ന ശൈലികൊണ്ട് അർഥമാക്കുന്നതെന്ത്?
   - പാട്ടുപഠിക്കാൻ പോവും.
   - സ്വന്തം കാര്യം നോക്കി പോവും.
   - വിനോദയാത്ര പോവും.
   - പരോപകാരത്തിൽ മുഴുകും.

4. ചതുരക്കുഴിയിൽ ഉണങ്ങിയ മണൽ കുറച്ചു നിരത്തണം.
ചതുരക്കുഴി എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?
   - ചതുരത്തിന്റെ കുഴി
   - ചതുരമാവുന്ന കുഴി
   - ചതുരത്തിലുള്ള കുഴി
   - ചതുരത്താലുള്ള കുഴി

5. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദച്ചേരുവ കണ്ടെത്തുക.

| | | |
|---|---|---|
| ഒരേ, ഒരു | - | ഒരേയൊരു |
| തിരു, വോണം | - | തിരുവോണം |
| മരം, ത്തിൽ | - | മരത്തിൽ |
| ഉണങ്ങി, പ്പൊടിഞ്ഞ | - | ഉണങ്ങിപ്പൊടിഞ്ഞ |

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 2 = 4)**

6. "പിള്ളേരുള്ള വീടുകളിൽ ദാരിദ്ര്യം കൂട്ടിനു വരും. പിന്നത്തെ കാര്യം കഠിനമാണ്. എരിപൊരി കൊള്ളുന്ന കൊച്ചുവയറുകൾ കടന്നലുകൾ പോലെ മൂളി നടക്കും."

(തേൻവരിക്ക)

അക്കാലത്തെ സാമൂഹികജീവിതാവസ്ഥയെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ കണ്ടെത്തി എഴുതുക.

7. "കാർവർണ്ണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ."

ഈ വരികളിൽ തെളിയുന്ന കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

8. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
ഞാൻ ആ വെയ്റ്റർക്ക് നൂറുരൂപ സമ്മാനമായി കൊടുത്തു. എന്നാൽ വാരണാസിയിൽനിന്നു വന്ന ആ വെയ്റ്റർ സ്നേഹത്തോടെ അത് നിരസിച്ചു.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4 = 20)**

9. "അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ."

വിദ്യാഭ്യാസത്തിലൂടെ നേടിയ സ്വാതന്ത്ര്യബോധവും അഭിമാനബോധവും മതിലേരിക്കന്നിയുടെ വാക്കുകളിൽ തെളിയുന്നുണ്ടോ? തന്നിരിക്കുന്ന സൂചനയും പാഠഭാഗവും പരിഗണിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

10. "വൃക്ഷങ്ങൾ നശിക്കുമ്പോൾ പ്രകൃതിയിൽ മാറ്റങ്ങളുണ്ടാകും. അതിനൊന്നും ഞങ്ങൾ ബാധ്യസ്ഥരല്ല. അതുമോർക്കുക."

(തേൻവരിക്ക)

തേൻവരിക്കയുടെ ഈ മുന്നറിയിപ്പ് ഇന്നത്തെ സമൂഹം തിരിച്ചറിയുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

11. "മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ."

(ഉള്ളൂർ)

"ലോകം മുഴുവൻ വേദനകളാണെങ്കിലും അതിനെ അതിജീവിക്കാനുള്ള ശക്തിയും ലോകം തന്നെ തരുന്നു." (ഹെലൻ കെല്ലർ)

രണ്ടു എഴുത്തുകാരും മുന്നോട്ടുവയ്ക്കുന്ന ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. "ആഴിനേർവർണ്ണന്റെ ചേവടിത്താരിണ
പൂഴിയിൽക്കാണായി പോകുംനേരം
തേരിൽനിന്നന്നേരം പാരിലിറങ്ങീട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ."

അമ്പാടിയിലെത്തിയ അക്രൂരന്റെ പ്രവൃത്തികൾ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? മുകളിൽ നൽകിയ സന്ദർഭവും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

13. "ഓ.... ചോറും കറിയുംവച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും."

(അമ്മ)

"മനുഷ്യവംശത്തിന്റെ ചുണ്ടിൽ വിളങ്ങുന്ന ഏറ്റവും മനോഹരമായ പദമാണ് അമ്മ."

ഖലീൽ ജിബ്രാന്റെ ഈ നിരീക്ഷണവുമായി ബന്ധിപ്പിച്ച് ബഷീറിന്റെ അമ്മ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

14. "ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്തപ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ."

(കാളകൾ)

കാളവണ്ടിക്കാരന്റെ ജീവിതദൈന്യത ആവിഷ്കരിക്കുന്നതിന് കാവ്യഭാഗത്തെ പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്? പരിശോധിക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** **(2 x 6 = 12)**

15. "മണ്ണും മരവും തമ്മിലുള്ള ബന്ധം നിനക്കറിഞ്ഞുകൂടാ. മരം വെട്ടിയാൽ വേരുണങ്ങും, മണ്ണുണങ്ങും, കാറ്റത്തും മഴയത്തും പറന്നും ഒഴിച്ചും പോകും. കുടിനീർ ചുരത്താത്ത കല്ലുകൾ തെളിഞ്ഞു വരും."

(തേൻവരിക്ക)

തന്നിരിക്കുന്ന സൂചനയും കഥയും വിശകലനം ചെയ്ത് 'തേൻവരിക്കയിലെ പരിസ്ഥിതിദർശനം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

(മറുപുറം)

16. "അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങ ഉണ്ടായിരുന്നു - ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും."

"എൻെറ മനസ്സിന്റെ ദാർഢ്യം തത്വചിന്തയിൽനിന്നു ലഭിച്ചതാണ്. വീണ്ടും ജീവിക്ക അവസരം തന്നത് ടാക്സിഡ്രൈവർ എന്ന പദവിയാണ്."

(രണ്ട് ടാക്സിക്കാർ)

കർത്താർസിങ്ങിന്റെ ജീവിതം നമുക്കു നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം? തന്നിരിക്കു സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'കഠിനാധ്വാനവും ജീവിതവിജയവും' എ വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. **ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക ആസ്വാദനം തയ്യാറാക്കുക.**

## തുമ്പപ്പൂ

തൊടികളിലെങ്ങും തുമ്പ-
ച്ചെടികൾ പൂവിട്ടു നിൽപൂ
പടിതോറും പൊന്നോണത്തെ-
യെതിരേൽക്കുവാൻ

എന്തു വെളു,പ്പെന്തു വെടി-
പ്പെന്തൊതുക്ക, മെന്തു മുത്തിൻ
ചന്ത,മോണത്തപ്പനിപ്പൂ-
വെന്തിലുമിഷ്ടം.

നമ്മുടെയുടലുമുള്ളും
നിർമ്മലമാകിലേ പറ്റൂ

| | |
|---|---|
| ഉടൽ | - ശരീരം |
| ഉള്ള് | - മനസ്സ് |
| നിർമ്മലം | - പരിശുദ്ധം |
| മലർ | - പൂവ് |